# മതേതര പ്രാർത്ഥനകൾ

മലയാളം ക്ലബ്ബ്
കുണ്ടൂർക്കുന്ന് TSNM ഹൈസ്കൂൾ

## 1.

ധർമ്മപഥ സഞ്ചലന സന്മതി വിവേകം
കർമ്മവിജയം ധിഷണ വാഗ്മിത ഗുരുത്വം
നിർമ്മദമണഞ്ഞു മമ ചിന്ത തെളിയാനായ്
ശർമ്മദ വിഭോ വരദ മോക്ഷദ തൊഴുന്നേൻ,
നിന്മഹിത ഭൂതദയ മന്മതിയിലെന്നും
നന്മലയമാരുത വിലേപനമൊരുക്കി
നന്മ വിനയം കരുണ വെണ്മയുളവാക്കാൻ
ചിന്മയ നിരാമയ കൃപാമയ തൊഴുന്നേൻ....... (A.M രവീന്ദ്രൻ)

## 2.

ഒരു താരമായ് മിഴി തുറക്കു നീ,
ആധാരമായ് വഴി തെളിക്കു നീ
സമുദാരമായ് ദയ ചൊരിയു നീ
മന്ദാരമായ് നലമരുളു നീ
ഉദാരമായ് ഗുണ കേദാരമായ്
വികാരമായ് വിചാരമായ്
നിറയു നീ ദൈവമേ.......

## 3.

അഴലിഴയാതെ കഴൽ കുഴയാതെ മിഴി നിറയാതെ വഴി മറയാതെ
മനമുടയാതെ സ്വനമിടറാതെ ഭവജലനിധിയിൽ താണിടാതെ
അവികലമതിയോടനിശം യാനം തുരാനെന്നും തുണയാകേണം
നിരുപമ കരുണാമൃത സാഗരമാം ജഗദീശ നിൻ മൃദുല കടാക്ഷം
മഴികളടയ്ചാൽ തെളിയണമെന്നും ജഗദാധാര നിൻ മോഹനരൂപം.....(A.M രവീന്ദ്രൻ)

4.

കരുണാമയനാം ദൈവമേ നിൻ പദമലരിലീ പ്രണാമം
കടലും കാറ്റും ഞങ്ങളുമൊന്നായ് വാഴ്ത്തുന്നു നിന്റെ നാമം
കദനങ്ങൾക്കും കലഹങ്ങൾക്കും നീ ഏക്ര വിരാമം
ആശയിലും നിരാശയിലും നീ അരുളൂ നിയാമം ....മനോ നിയാമം.....

കരുണാമയനാം ദൈവമേ  ഈ ഭുവനം നിന്റെ കലാലയം
പരമജ്ഞാനമായ് നീ പകരുന്നൂ സമത്വമെന്ന മഹാശയം
പണ്ഡിതനും പാമരനും നീ ഏക്ര സദാശ്രയം
നിന്ദിതനും നിരാശിതനും നീ ഏക്ര വരാഭയം... നിത്യ വരാഭയം...

5.

സൗരമണ്ഡല ദീപ്തിയിൽ ശബളാഭമീ ഭൂ നന്ദനം
സൗമ്യമാമുദയങ്ങളായ് വിടരുന്നതിൻ ഹൃദ്സ്പന്ദനം
അനന്തശുദ്ധപഥങ്ങളിൽ പായും കാല സ്യന്ദനം, അതിനേ നയിയ്ക്കും
സാരഥേ, നിനക്കെന്നുമെന്നും വന്ദനം... അഭി വന്ദനം......

6.

അഴലിലും ക്രൂരിരുളിലും വഴികാട്ടിടും ശുഭദീപമേ
മൊഴിയിലും ഇരു മിഴിയിലും ദയ വഴിയുമോമൽ രൂപമേ
മഴയിലും എരിവെയിലിലും തണലേകുമമല പ്രഭാവമേ
പുഴയിലും കടലലയിലും ഒഴുകുന്ന സ്നേഹപ്രവാഹമേ
തഴുകണേ നിൻ കരുണയാലീ ലോകമെന്നും ദൈവമേ.....

7.

കൃപാമയം ദൈവമേ നിൻ ആത്മദേവാലയം
പ്രഭാമയം ദൈവമേ നീ ഏകമീ ജ്ഞാനോദയം
ചരാചരങ്ങൾക്കുദാത്തമാം നിൻ പദാംബുജം സദാശ്രയം
വിശാലമീ പ്രപഞ്ചവും നിറയുന്നു നീയെന്നൊരാശയം....

8.

കാലമായ് ജീവതാളമായ്
അറിവിൻ നാളമായ്
എങ്ങും തെളിയണേ....
ജ്ഞാനമായ് സർവ്വ നിദാനമായ്
അലിവിൻ വാനമായ്
എങ്ങും നിറയണേ...
സങ്കടങ്ങൾക്കും സംഘർഷങ്ങൾക്കും
അറുതിയെന്നും വരുത്തണേ
സത്യധർമ്മങ്ങൾ പാലിച്ചീടുവാൻ
ശക്തി നീ ഞങ്ങൾക്കേകണേ
ദൈവമേ നിന്റെ പ്രാർത്ഥനാഗീതം
ഉള്ളിലെന്നും ഉണർത്തണേ
നിന്നദൃശ്യ സാന്നിദ്ധ്യമായ് ശാന്തി
ലോകമാകെ പടർത്തണേ...

9. ഏതു മനസ്സിലും ഏതു തമസ്സിലും ദൈവമേ നീ മാർഗ്ഗദീപമായ് തെളിയൂ

ഏതു കർമ്മത്തിലും ഏതു ധർമ്മത്തിലും നന്മതൻ ദിവ്യമാം രൂപമായ് നിറയൂ
ഏതു വികാരവും ഏതു വിചാരവും നിർമ്മലമാകാൻ നീ വരമേകൂ
ഏതു ഗീതങ്ങളും ഏതു വേദങ്ങളും ഏറ്റുപാടാനായ് സുസ്വരമേകൂ
ഏതു മിനാരവും ഏതൾത്താരയും ഏതു ശ്രീകോവിലും ആലയമാക്കൂ
ഏതു മുസൽമാനും ഏതു ക്രൈസ്തവനും ഏതു ഹിന്ദുവിനും ആശ്രയമാകൂ
മാനസങ്ങളിൽ വാഴും മതഭേദങ്ങൾ മായ്ക്കൂ
ഈ കൊച്ചു ഭൂമിയും ഒരു സ്വർഗ്ഗമാക്കൂ..........